C. S. (Main) Exam : 2011

D-DTN-L-NMA

MALAYALAM
Paper I
(Literature)

Time Allowed : Three Hours | *Maximum Marks : 300*

INSTRUCTIONS

Candidates should attempt questions 1 and 5 which are compulsory, and any THREE of the remaining questions selecting at least ONE question from each Section.

The number of marks carried by each question is indicated at the end of the question.

Answers must be written in Malayalam.

SECTION A

1. താഴെ നൽകിയിട്ടുള്ള എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോ ഉത്തരവും ഇരുന്നൂറുവാക്കിൽ കവിയരുതു്. ഓരോന്നിനും പതിനഞ്ചു് മാർക്കു് വീതം: *15×4=60*

   (a) മലയാള ഭാഷയുടെ ഉത്പത്തിയെപ്പറ്റിയുള്ള ചർച്ചയിൽ കേരളപാണിനി അവതരിപ്പിക്കുന്ന ആറ് നയങ്ങൾ ഏതെല്ലാം ? ഉദാഹരണസഹിതം വിശദമാക്കുക.

Optional Province · optionalprovince.com

(b) 'ആട്ടക്കഥ' എന്നാലെന്തു് ?
മലയാളഭാഷയുടെ വളർച്ചയിൽ
അതിനുള്ള സ്ഥാനം നിർണയിക്കുക.

(c) മലയാള ഭാഷയുടെയും
സാഹിത്യത്തിന്റെയും അടിത്തറ
ഉറപ്പിക്കുന്നതിൽ കിളിപ്പാട്ടു് കൃതികൾ
വഹിച്ച പങ്കു് എന്തെന്നു് വിമർശന
ബുദ്ധിയോടെ പരിശോധിക്കുക.

(d) 'ആട്ടപ്രകാരം', 'ക്രമദീപിക' — ഇവയുടെ
സാമ്യ വ്യത്യാസങ്ങൾ വ്യക്തമാക്കി,
പ്രാചീന മലയാള ഗദ്യ സ്വരൂപവുമായി
ഇവ എങ്ങനെ ബന്ധ പ്പെടുന്നുവെന്നു്
പരിശോധിക്കുക.

2. (a) 'മണിപ്രവാളം' എന്നാലെന്തു് ?
ഏതെങ്കിലും ഒരു മണിപ്രവാള കൃതിയെ
ആസ്പദമാക്കി മണിപ്രവാള ഭാഷയുടെ
പ്രത്യേകതകൾ വിശദമാക്കുക. *30*

(b) 'ഭക്തിയുടെയും പീരാരാധനയുടെയും
ഒരുതരം വഴിഞ്ഞൊഴുകലാണു് നാടൻ
പാട്ടുകൾ' — നിരൂപണം ചെയ്യുക. *30*

3. (a) 'കൃഷ്ണഗാഥ' യിലെ ഭാഷ ആധുനിക
മലയാളത്തോട് സാമീപ്യം
പുലർത്തുന്നുണ്ടോ യെന്നു്
സോദാഹരണം പരിശോധിക്കുക. *30*

Optional Province · optionalprovince.com

(b) പുരാണകഥയിൽ വരുത്തിയ
കേരളീയത്വവും അതിനെ
മുൻനിർത്തിയുള്ള സാമൂഹ്യ
വിമർശനവുമാണു് തുള്ളൽ കൃതികൾക്കു്
ഇത്രമാത്രം ജനപ്രീതി നേടിക്കൊടുത്തതു്
— ശരിയോ ? *30*

4. (a) ആധുനിക മലയാള ഗദ്യ ഭാഷയുടെ
വളർച്ചയ്ക്കു് ക്രൈസ്തവ മിഷനറിമാർ
നൽകിയിട്ടുള്ള സംഭാവനകൾ
എന്തെല്ലാമെന്നു് പരിശോധിക്കുക. *30*

(b) മലയാള കവിതയിലെ കാല്പനിക
പൂർവ്വാവസ്ഥയെ വിമർശനാത്മകമായി
വിലയിരുത്തുക. *30*

Optional Province · optionalprovince.com

SECTION B

5. താഴെ നൽകിയിട്ടുള്ള എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഒരോ ഉത്തരവും ഇരുന്നൂറുവാക്കിൽ കവിയരുതു്. ഓരോന്നിനും പതിനഞ്ചു് മാർക്കു വീതം : *15×4=60*

(a) 'വള്ളത്തോൾ ശബ്ദ സുന്ദരൻ' — വിശദീകരിക്കുക.

(b) പ്രാചീന മലയാള കവിതാ സാഹിത്യത്തിൽ 'രാമചരിതം' എന്ന കൃതിക്കുള്ള സ്ഥാനമെന്തു് ?

(c) 'മലയാളത്തിൽ യാത്രാവിവരണ സാഹിത്യ കൃതികൾ തീരെതമ്യേന കുറവാണു്' — ഈ പ്രസ്താവം ശരിയോ ? പരിശോധിക്കുക.

(d) 'ആധുനികത' (Modernity) എന്നതിനു് സാഹിത്യചർച്ചയിൽ എന്താണു് പ്രസക്തി ? ആധുനിക മലയാള കവിതകളിൽ നിന്നു് ഉദാഹരണം നൽകി വിശദമാക്കുക.

6. (a) വെണ്മണിക്കവികളെപ്പറ്റി ഒരുപന്യാസം ഏഴുതുക. *30*

(b) പാട്ടുഭാഷയ്ക്കു് കണ്ണശ്ശരാമായണം, കൃഷ്ണഗാഥ, ആദ്ധ്യാത്മരാമായണം ഇവയിലൂടെ ഉണ്ടായ ക്രമികമായ പരിണാമത്തെക്കുറിച്ചു് ചർച്ചചെയ്യുക. *30*

Optional Province · optionalprovince.com

7. (a) ആധുനിക മലയാള നോവൽ സാഹിത്യത്തിന്റെ ശക്തികേന്ദ്രങ്ങൾ സൂചിപ്പിച്ചുകൊണ്ടു് വിശദമായ ഒരു ആമുഖം തയ്യാറാക്കുക. *30*

(b) മലയാളചെറുകഥയിൽ പ്രതിപാദ്യത്തിനും പ്രതിപാദനത്തിനും സംഭവിച്ച മാറ്റങ്ങളുടെ സ്വഭാവം വിവരിക്കുക. *30*

8. (a) 'സമകാലീന മാധ്യമ മലയാളം' മലയാളത്തനിമ പുലർത്തുന്നില്ല.' ചർച്ചചെയ്യുക. *30*

(b) ജീവചരിത്ര സാഹിത്യം മലയാളത്തിൽ വേണ്ടത്ര ശക്തി പ്രാപിച്ചിട്ടില്ല എന്ന അഭിപ്രായം പരിശോധിക്കുക. *30*

Optional Province · optionalprovince.com